# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4179          25.06.2014 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയിലെ പെൻഷൻ കുടിശ്ശിക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളാ വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നൽകുവാനുണ്ടോ ; | (എ) | കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നൽകുവാനുണ്ട്. |
| (ബി) എങ്കിൽ എന്തു തുകയാണ് കുടിശ്ശികയായുള്ളത് ; | (ബി) | മേയ് 2014 മുതൽ പെൻഷൻ വിതരണം ഏകീകരിച്ചിരിക്കുകയാണ്. ഇതിനെ തുടർന്ന് പെൻഷൻകാർക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളുടെ കണക്ക് ഡിവിഷൻ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ചു വരുന്നു. |
| (സി) ഏത് കാലഘട്ടത്തിലെ തുക യാണ് കുടി ശ്ശികയായിട്ടുള്ളത് ; | (സി) | 03/07/2012-ലെ പെൻഷൻ പരിഷ്കരണ പ്രകാരമുള്ള കുടിശ്ശികയും, 63% ക്ഷാമ ബത്ത പ്രകാരമുള്ള തുകയുമാണ് കുടിശ്ശികയായിട്ടുള്ളത്. |
| (ഡി) പ്രസ്തുത തുക നൽകുവാനുള്ള കാലതാമസത്തിനുള്ള കാരണം എന്താണ് ; | (ഡി) | ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രസ്തുത തുക നൽകുവാനുള്ള കാലതാമസത്തിന് കാരണം. |
| (ഇ) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും കൊടുത്ത് തീർക്കാൻ കഴിയു മെന്ന് വ്യക്തമാക്കുമോ ? | (ഇ) | പ്രസ്തുത കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിനുള്ളിൽ കൊടുത്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ